## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1451** — **22.03.2013 -ൽ മറുപടി നൽകേണ്ടത്**

### വൻകിട കെട്ടിട നിർമ്മാണങ്ങൾക്കുള്ള അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് :<br>ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) നഗരങ്ങളിൽ വൻകിട സംരംഭങ്ങൾക്കുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) വൻകിട സംരംഭങ്ങൾക്കുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത് കെ. എം. ബി. ആർ ന് അനുസൃതമായിട്ടാണ്. വൻകിട വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പ്രചോദനം നൽകുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുന്ന പുതിയ അദ്ധ്യായം (അദ്ധ്യായം XA) 01-02-2013-ലെ സ. ഉ (എം.എസ്) നം. 46/13/തസ്വഭവ പ്രകാരമുള്ള ഭേദഗതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2 ഹെക്ടറിൽ കുറയാത്ത ഏരിയായും ഭൂമിയുടെ വിലയുൾപ്പെടെ 100 കോടി രൂപയിലധികം നിക്ഷേപവും 500 ൽ കുറയാത്ത ആൾക്കാർക്ക് ജോലിയും (പ്രോജക്റ്റ് കമ്മിഷൻ ചെയ്ത ശേഷം) നൽകുന്ന പ്രോജക്റ്റുകൾക്ക് ഉയർന്ന FAR അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗാർഹിക ഉപയോഗവും വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ അത് പ്രോജക്റ്റിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 40% ൽ അധികരിക്കാൻ പാടില്ല എന്നും അവ പ്രധാന ഉപയോഗത്തിന് ഇൻസിഡെന്റൽ ആയിരിക്കണമെന്നും ടി അദ്ധ്യായത്തിലെ ചട്ടം 78 ജി വ്യവസ്ഥ ചെയ്യുന്നു. ഇത്തരം പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥകൾ ടി അദ്ധ്യായത്തിലെ ചട്ടം 78 ബി യിൽ പ്രതിപാദിക്കുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സപ്പോർട്ടിംഗ് ഇൻഫ്രാസ്ട്രക്ചർ, മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്, അനുവദനീയമായ എഫ്. എ. ആർ, വഴിയ്ക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ വീതി എന്നീ വ്യവസ്ഥകൾ സംബന്ധിച്ച് 78 സി മുതൽ 78 എഫ് വരെ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) ആയതിനായി ' ഏകജാലക സംവിധാനം ' ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) & (സി) പരിഗണനയിലില്ല |
| (സി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ